**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3326 16/12/2015-ൽ മറുപടിയ്ക്ക്

## "കൃഷിയിടത്തിൽ നിന്നും കുടുംബത്തിലേക്ക്" പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എം. ആരിഫ്** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ജൈവകൃഷി പ്രോത്സാഹനത്തിന് 'കൃഷിയിടത്തിൽ നിന്നും കുടുംബത്തിലേക്ക്' (Farm to Family) എന്ന പദ്ധതി ബഡ്ജറ്റ് പ്രഖ്യാപനം വഴി നടത്തിയിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | എ) 'കൃഷിയിടത്തിൽ നിന്നും കുടുംബത്തിലേക്ക്' (Farm to Family) എന്ന പദ്ധതി 2015-16-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കീടനാശിനി ഉപയോഗിക്കാത്ത കാർഷികോല്പന്നങ്ങൾ ഇ-കൊമേഴ്സിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് കുടുംബങ്ങളിലും ഉപഭോക്താക്കളിലും എത്തിക്കുക എന്നതാണ് ഈ പദ്ധതികളുടെ ഉദ്ദേശം. |
| ബി) & പദ്ധതി നടപ്പിൽ വരുത്തിയോ; വിശദാംശങ്ങൾ നൽകാമോ; | ബി) ഇല്ല. 02.12.2015-ൽ കൂടിയ ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ 370.03 ലക്ഷം രൂപയുടെ പ്രോജക്റ്റ് പ്രോപ്പോസലിന് ഭരണാനുമതി നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| സി) 2015-16 ബഡ്ജറ്റിൽ പദ്ധതിക്ക് വകയിരുത്തിയ തുക എത്ര; ട്രഷറിയിൽ നിന്ന് പിൻവലിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ നൽകാമോ? | സി) ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**